ഇലക്ട്രോണിക്സ് തുടങ്ങിയ വ്യാവസായിക സംരംഭങ്ങളാരംഭിക്കുവാനും സഹായിക്കുന്ന തരത്തിൽ ഒരു പദ്ധതി ആവിഷ്കരിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

പരിശോധിക്കുന്നതാണ്.

ഏറ്റവുമധികം ടേൺ ഓവർ ഉള്ള പൊതുമേഖലാ സ്ഥാപനം

8 (3078) ശ്രീ. എ. കണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഏറ്റവുമധികം ടേൺ ഓവർ ഉള്ള പൊതുമേഖലാ സ്ഥാപനം ഏതാണെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സ്ഥാപനത്തിൽ എത്ര തൊഴിലാളികളാണ് ജോലി ചെയ്തുവരുന്നത് എന്നും വിശദീകരിക്കുമോ;

(സി) പ്രസ്തുത സ്ഥാപനം ലാഭത്തിലാണോ പ്രവർത്തിക്കുന്നത് എന്ന് വിശദീകരിക്കുമോ;

(ഡി) പ്രസ്തുത സ്ഥാപനത്തിലെ 1998-99 വരെ അറ്റാദായം എത്രയാണ് എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 1998-99 'എ റിവ്യൂ ഓഫ് പബ്ലിക് എന്റർപ്രൈസസ് ഇൻ കേരള' പ്രകാരം കേരളത്തിൽ ഏറ്റവും കൂടുതൽ ടേൺ ഓവർ ഉള്ള പൊതുമേഖലാ സ്ഥാപനം 'കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്' ആണ്.

(ബി) ഈ സ്ഥാപനത്തിൽ 24216 ജീവനക്കാരാണ് ജോലി ചെയ്യുന്നത്.

(സി) അതെ.

(ഡി) ഒരു സ്ഥാപനത്തിന്റെ അറ്റാദായം കണക്കാക്കുന്നത് അതാത് വർഷത്തിലേക്കാണ്. 1998-99-ലെ ഈ സ്ഥാപനത്തിന്റെ അറ്റാദായം 38.75 കോടി രൂപയാണ്. ഈ സ്ഥാപനത്തിന്റെ 1998-99 വരെ ഉള്ള കരുതൽ സമ്പാദ്യം (റീട്ടെയിൽസ് ഏണിംഗ്സ്) 382.28 കോടി രൂപയാണ്.

ഏറ്റവും അധികം ലാഭമുണ്ടാക്കുന്ന പൊതുമേഖലാ സ്ഥാപനം

9 (3079) ശ്രീ എ കണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഏറ്റവും അധികം ലാഭമുണ്ടാക്കുന്ന പൊതുമേഖലാ സ്ഥാപനം ഏതാണെന്ന് വിശദമാക്കുമോ;

(ബി) കഴിഞ്ഞ പത്ത് സാമ്പത്തികവർഷങ്ങളിലെ പ്രസ്തുത സ്ഥാപനത്തിന്റെ ലാഭനഷ്ട കണക്കുകൾ ലഭ്യമാക്കുമോ;

(സി) പ്രസ്തുത സ്ഥാപനത്തിൽ ആകെ എത്ര തൊഴിലാളികളാണ് ഉള്ളത് എന്ന് വിശദീകരിക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പ്രസ്തുത ജീവനക്കാർക്ക് 1998-99-ൽ നൽകിയ ബോണസ് എത്ര ശതമാനമായിരുന്നുവെന്നും ആകെ എത്ര രൂപ ഇതിനായി ചെലവഴിച്ചു എന്നും വിശദീകരിക്കാമോ?

ഉത്തരം

(എ) 1998-99 കണക്കു പ്രകാരം കേരളത്തിൽ ഏറ്റവും അധികം ലാഭ മുണ്ടാക്കുന്ന പൊതുമേഖലാ സ്ഥാപനം ചവറയിലെ കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡ് ആണ്.

(ബി) കഴിഞ്ഞ പത്ത് സാമ്പത്തിക വർഷങ്ങളിലെ പ്രസ്തുത സ്ഥാപനത്തിന്റെ ലാഭനഷ്ടം കാണിക്കുന്ന പട്ടിക അനുബന്ധമായി വച്ചിരിക്കുന്നു.†

(സി) പ്രസ്തുത സ്ഥാപനത്തിൽ കാഷ്വൽ തൊഴിലാളികളടക്കം ആകെ 2096 തൊഴിലാളികളാണുള്ളത്.

(ഡി) മേൽ ജീവനക്കാർക്ക് 1998-99-ൽ പ്രതിമാസ ശമ്പളം 2500/- രൂപയായി നിജപ്പെടുത്തി വാർഷിക വരുമാനം കണക്കാക്കി അതിന്റെ 40% എക്സ്ഗ്രേഷ്യാ/ബോണസ്സായി നൽകിയിരുന്നു. ഈ ഇനത്തിൽ 156.8 ലക്ഷം രൂപ ചെലവഴിച്ചു.

പൊതുമേഖലാ സ്ഥാപനങ്ങളുടെ ഡയറക്ടർ ബോർഡ്

10 (3080) ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വ്യവസായ വകുപ്പിൻ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ ഡയറക്ടർ ബോർഡുകൾ പുനഃസംഘടിപ്പിക്കാൻ എന്തെങ്കിലും നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) പൊതുമേഖലാസ്ഥാപനങ്ങൾ ലാഭകരമാക്കുന്നതിന്റെ ഭാഗമായി ഡയറക്ടർ ബോർഡ് പുനഃസംഘടിപ്പിക്കണമെന്ന് ഇതിനായി രൂപീകരിച്ച ഏതെങ്കിലും കമ്മിറ്റിയുടെ റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ടോ;

(സി) വിജിലൻസ് കേസും അന്വേഷണവും നേരിടുന്ന എത്രപേർ വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ ഡയറക്ടർ ബോർഡിലുണ്ട്; ഇവരുടെ പേരും സ്ഥാപനത്തിന്റെ പേരും വെളിപ്പെടുത്തുമോ;

(ഡി) ഇവരെ ഡയറക്ടർ ബോർഡിൽ നിന്നും ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പൊതുമേഖലാസ്ഥാപനങ്ങളുടെ ഡയറക്ടർ ബോർഡുകൾ യഥാകാലം പുനഃസംഘടിപ്പിക്കാറുണ്ട്.

(ബി) ഇതു സംബന്ധിച്ച വിവരങ്ങളൊന്നും ലഭ്യമല്ല.

(സി)-(ഡി) വിവരം ശേഖരിച്ചു വരുന്നു.

---

† അനുബന്ധം III

LIBRARY ARCHIVES Kerala Legislative Assembly

Kottayam	151984136	125494750	26489386
Palakkad	153524987	138449103	15075884
Malappuram	271977912	252521035	19456877
Wayanad	82732223	74140992	8591231
Kasargod	111353211	102124316	9228895

അനുബന്ധം III

(നക്ഷത്രചിഹ്നമിടാത്ത ചോദ്യം 9 (3079) കാണുക)

കഴിഞ്ഞ പത്ത് സാമ്പത്തിക വർഷങ്ങളിലെ കേരളാ മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡിന്റെ ലാഭനഷ്ടക്കണക്കുകൾ

വർഷം	ലാഭം/നഷ്ടം
1989-90	15,34,37,263 രൂപ (നഷ്ടം)
1990-91	10,09,90,138 രൂപ (നഷ്ടം)
1991-92	12,75,82,497 രൂപ (നഷ്ടം)
1992-93	8,27,87,745 രൂപ (നഷ്ടം)
1993-94	19,40,30,724 രൂപ (ലാഭം)
1994-95	43,68,13,356 രൂപ (ലാഭം)
1995-96	76,05,84,013 രൂപ (ലാഭം)
1996-97	3,97,62,168 രൂപ (ലാഭം)
1997-98	18,62,08,465 രൂപ (ലാഭം)
1998-99	84,36,24,216 രൂപ (ലാഭം)

അനുബന്ധം IV

(നക്ഷത്രചിഹ്നമിടാത്ത ചോദ്യം 35 (3116) കാണുക)

സംസ്ഥാന വനിതാ വികസന കോർപ്പറേഷനിലെ നിയമനം

ക്രമ നം.	പേര്	തസ്തിക	നിയമന രീതി	നിയമന കാലാവധി
1.	ശ്രീ. കെ.ടി. ബാലഭാസ്കരൻ	മാനേജിംഗ് ഡയറക്ടർ	കരാർ നിയമനം	18.9.96 മുതൽ
2.	ശ്രീ. കെ. മുഹമ്മദ് സലീം *(അണ്ടർ സെക്രട്ടറി, ഫൈനാൻസ് ഡിപ്പാർട്ട്മെന്റ്)*	ഫൈനാൻസ് ഓഫീസർ	ഡപ്യൂട്ടേഷൻ	13.6.96 മുതൽ 17.4.97 വരെ
3.	ശ്രീമതി പി. വെല്ലമ്മാൾ *(അണ്ടർ സെക്രട്ടറി, ഫൈനാൻസ് ഡിപ്പാർട്ട്മെന്റ്)*	ഫൈനാൻസ് ഓഫീസർ	ഡപ്യൂട്ടേഷൻ	18.8.97 മുതൽ 17.8.98 വരെ

1163/2010.

LIBRARY ARCHIVES Kerala Legislative Assembly